**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2154** **14-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്ന ശേഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നടത്തിയ അവയവമാറ്റ ശസ്ത്രക്രിയകളുടെ വിശദാംശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഈ സർക്കാർ വന്ന ശേഷം കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കരൾമാറ്റ ശസ്ത്രക്രിയ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെ പുനരാരംഭിക്കുകയും ചെയ്തു. ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങളെല്ലാം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തയ്യാറായിട്ടുണ്ട്. രാജ്യത്ത് ആദ്യമായി ഒരു ജനറൽ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയ ആരംഭിക്കുകയെന്ന നേട്ടത്തോടെ 2023-ൽ എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുകയും ഇതിനോടകം നാല് ശസ്ത്രക്രിയകൾ വിജയകരമായി നടത്തുകയും ചെയ്തിട്ടുണ്ട്. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എറണാകുളം ജനറൽ ആശുപത്രിയിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2021 മുതൽ 2014 ഒക്ടോബർ 7 വരെ 74 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും 3 കരൾമാറ്റ ശസ്ത്രക്രിയകളും നടത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 49 വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയകളും 4 ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളും 6 കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളും നടത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 132 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്.<br><br>സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം വഴിയുള്ള ഫണ്ടിന്റെ ആദ്യ ഗഡു ലഭിച്ചിട്ടുണ്ട്. അടുത്ത ഗഡുവിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് |
| (ബി) | സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകൾ വിപുലീകരിക്കുന്നതിനും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയ നടക്കുന്നത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. ടി സ്ഥാപനത്തിൽ വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ മെച്ചപ്പെടുത്തുന്നതിനായി ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുതായി ഓപ്പറേഷൻ തീയേറ്റർ ലൈറ്റ് സ്ഥാപിച്ച എയർ കണ്ടീഷനിങ് സംവിധാനം അറ്റകുറ്റപ്പണികൾ ചെയ്തു. ട്രാൻസ്പ്ലാന്റിലേക്കായി Defibrillator, Patient warmer system, ECG Machine, ABG machine, Ice Crusher എന്നീ ഉപകരണങ്ങൾ പുതുതായി വാങ്ങിയിട്ടുണ്ട്. അണുബാധ നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി മാസത്തിൽ നാലോളം ട്രാൻസ്പ്ലാന്റുകൾ ചെയ്യാൻ സാധിക്കുന്നുണ്ട്. സെപ്റ്റംബർ മാസം മൂന്ന് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും ഒരു കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടന്നിരുന്നു. ഒക്ടോബർ മാസത്തിൽ നാല് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. 2022-ൽ അനസ്തേഷ്യ വിഭാഗത്തിലെയും ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെയും കൂടുതൽ ഡോക്ടർമാർക്കും നഴ്സ്മാർക്കും പരിശീലനം നൽകിയതിന്റെ ഫലമായി അതിനു ശേഷം നടന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സുഗമമായി നടത്തുവാൻ സാധിച്ചു. Transfusion Medicine വിഭാഗത്തിലെ ROTEM എന്ന ഉപകരണം ഉപയോഗിച്ചതു മൂലം രക്തം കട്ടപിടിക്കുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കാൻ സാധിച്ചു. ഇതിന്റെ നിരീക്ഷണം കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ശേഷമുള്ള പരിചരണത്തിൽ വളരെ പ്രധാനമാണ്.<br><br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക, ഹൃദയം, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ നടന്നു വരുന്നുണ്ട്. ഈ ശസ്ത്രക്രിയകൾക്കായി എല്ലാ വിഭാഗങ്ങൾക്കും മോഡുലാർ ഓപ്പറേഷൻ തീയറ്റർ സൗകര്യങ്ങളും ഐ.സി.യു സൗകര്യങ്ങളും ലഭ്യമാണ്. എല്ലാ ഒന്നിടവിട്ട ആഴ്ചകളിലും വൃക്ക മാറ്റ ശസ്ത്രക്രിയകളും രോഗികൾ തയ്യാറാകുന്നതിനനുസരിച്ച് കരൾ മാറ്റ ശസ്ത്രക്രിയകളും മരണാന്തര അവയവദാനത്തിലൂടെ ലഭിക്കുന്ന അവയവങ്ങളുടെ അലർട്ട് ലഭിക്കുന്നതനുസരിച്ചുള്ള അവയവമാറ്റ |

| | | | |
|---|---|---|---|
| | | | ശസ്ത്രക്രിയകളും നടത്തുന്നുണ്ട്. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എറണാകുളം ജനറൽ ആശുപത്രിയിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ മരണാനന്തര അവയവദാനം വഴിയുള്ളതും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്തുന്നുണ്ട്. പുതുതായി രക്തഗ്രൂപ്പ് മാറ്റിയുള്ള വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയും നടന്നു വരുന്നു. |
| (സി) | വലിയ സാമ്പത്തിക ചെലവുള്ള അവയവമാറ്റ ശസ്ത്രക്രിയകൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി നടത്തുന്ന പ്രത്യേക കരുതലും ഇടപെടലും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ പൂർണമായും സൗജന്യമായാണ് നടത്തുന്നത്. അവയവമാറ്റം നടത്തുന്ന പാവപ്പെട്ടവരായ രോഗികൾക്ക് കാസ്പ് എംപാനൽഡ് ആശുപത്രികൾ വഴി സഹായം നൽകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് മെഡിസെപ് വഴി അവയവമാറ്റത്തിന് സഹായം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ വഴി ട്രാൻസ്പ്ലാന്റ് കഴിഞ്ഞ രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകി വരുന്നു. സാമൂഹിക സുരക്ഷാ മിഷന്റെ സമാശ്വാസം-II പദ്ധതി വഴി ട്രാൻസ്പ്ലാന്റ് കഴിഞ്ഞ രോഗികൾക്കു എല്ലാ മാസവും പെൻഷൻ നൽകുന്നുണ്ട്. ഈ പദ്ധതിയിലൊന്നും ഉൾപ്പെടാത്ത നിർധനരായ രോഗികൾക്കു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം നൽകാറുണ്ട്. അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് സൗകര്യവും ലൈസൻസും ഉള്ള 49 ആശുപത്രികൾ നിലവിലുണ്ട്. അതിൽ 5 സർക്കാർ ആശുപത്രികൾ ഉൾപ്പെടെ 38 ആശുപത്രികളിൽ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ട്. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ സൗകര്യമുള്ള 16 ആശുപത്രികൾ ഉള്ളതിൽ 2 സർക്കാർ ആശുപത്രികളും ഉൾപ്പെടുന്നു. ഹൃദയമാറ്റ ശസ്ത്രക്രിയക്ക് സൗകര്യമുള്ള 14 ആശുപത്രികളിൽ 2 സർക്കാർ ആശുപത്രികളും ഉൾപ്പെടുന്നു. നാളിതുവരെ 376 മസ്തിഷ്ക മരണാനന്തര അവയവദാതാക്കളിൽ നിന്നും 1092 അവയവമാറ്റ ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്.<br><br>അവയവമാറ്റ ശസ്ത്രക്രിയാ സൗകര്യമുള്ള സർക്കാർ മേഖലയിലെ ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം - വൃക്ക, കരൾ, ഹൃദയം<br><br>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - വൃക്ക |

| | | | |
|---|---|---|---|
| | | | സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം<br><br>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - വൃക്ക<br><br>എറണാകുളം ജനറൽ ഹോസ്പിറ്റൽ - വൃക്ക<br><br>വിവിധ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുന്നവർക്ക് അതിൻ പ്രകാരമുള്ള ആനുകൂല്യവും ചികിത്സാ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് അതിന്റെ ആനുകൂല്യവും നൽകി വരുന്നു. ഇത് കൂടാതെ കേരളത്തിലെ സാധാരണക്കാർക്ക് ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയക്ക് മാത്രമായി ഏറ്റവും മികച്ച സൗകര്യവും തുടർ ചികിത്സയും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്ന സ്ഥാപനം കോഴിക്കോട് ആരംഭിക്കുന്നതിനു വേണ്ടി കിഫ്ബിയുടെ കീഴിൽ 558.68 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുസമൂഹത്തിനുള്ള അവ്യക്തത നീക്കുന്നതിനും, അവയവദാനപ്രക്രിയ കൂടുതൽ സുരക്ഷിതവും സുതാര്യവുമായി നടത്തുന്നതിനും അവലംബിച്ചുവരുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികൾക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളുടെ സുഗമമായ പ്രവർത്തനത്തിനായി കെ-സോട്ടോ ഒരു എസ്.ഒ.പി തയാറാക്കി വരുന്നു. സംസ്ഥാനത്തെ അവയവം മാറ്റിവെയ്ക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 28.08.2024 ലെ സ.ഉ (പി) നം. 78/2024/ആ.കു.വ പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അവയമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ജില്ലാ ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളുടെ തീരുമാനത്തിനെതിരെയുള്ള അപ്പീലുകൾ പരിശോധിക്കുന്നതിനും അതിൽ തീരുമാനമെടുക്കുന്നതിനുമായി വിവിധ തലത്തിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി 25.09.2024 ലെ സ.ഉ (കൈ) നം. 242/2024/ആ.കു.വ പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ